PESQUISA–Vol.8, Issue-1, May2023
www.pesquisaonline.net

ISSN-2455-0736(Print)
ISSN-2456-4052(Online)

# Theyyam Concept and Evolution: A Study Based on Police Theyyam

**Vishnu PS**

Researcher, Department of Malayalam, Kerala Central University, Kasargodu, Kerala

**KEY WORDS:** Mythology, Folklore, Folklorism, Applied folklore, Fakelore, Ideology, Power, Culture, Identity, Exchange

പുരാവൃത്തം, നാടോടി വിജ്ഞാനീയം, ഫോക് ലോറിസം, പ്രയുക്ത ഫോക് ലോർ, ഫേക് ലോർ, പ്രത്യയശാസ്ത്രം, അധികാരം, സംസ്കാരം, സ്വത്വം, വിനിമയം

**ABSTRACT**

Theyyam is the art of the oppressed people. The concept of Theyyam, which started out of fear of natural phenomena, eventually became the voice of the common man. Police Theyyam is the latest evolution of theyam, which is part of the folklore. It is a part of cultural studies that cannot be equated with new folkloric theories. However, it contains some of their attributes and characteristics. The police theyyam best suited to transfer faith to the devout believer performs the process of socializing the people.

## തെയ്യം സങ്കല്പവും പരിണാമവും: പോലീസ് തെയ്യത്തെ ആസ്പദമാക്കിയുള്ള പഠനം

**വിഷ്ണു പി എസ്**

**ഗവേഷകൻ, മലയാളവിഭാഗം, കേരള കേന്ദ്രസർവകലാശാല കാസറഗോഡ്**

### 1.0 ആമുഖം

അടിച്ചമർത്തപ്പെട്ടവന്റെ, അധ:സ്ഥിതന്റെ ആത്മപ്രകാശനത്തിനുള്ള ഉപാധികളായ നാടൻകലകളിൽ ഒന്നാണ് തെയ്യം. പ്രാചീനകാലത്തെ സാമൂഹിക ജീവിതപ്രതി ഫലനങ്ങളാണ് തെയ്യപുരാവൃത്തങ്ങൾ. പ്രകൃതിപ്രതിഭാസങ്ങളോടുള്ള ഭയഭക്തിയിൽ നിന്ന് അവയെ പ്രീതിപ്പെടുത്താനായാണ് തെയ്യം കെട്ടിയാടുവാൻ ആരംഭിച്ചത്. വൃക്ഷാരാധന, അമ്മദൈവാരാധന, പർവ്വതാരാധന, പ്രേതാരാധന, ശൈവ വൈഷ്ണവ ആരാധന തുടങ്ങിയവയുടെ കൂടിച്ചേരലാണ് തെയ്യം. ദൈവം എന്ന പദത്തിൽ നിന്ന് തെയ്യം ഉണ്ടായി എന്ന് ഡോ.ഹെർമൻ ഗുണ്ടർട്ട് അഭിപ്രായപ്പെടുന്നു. ഉത്തരമലബാറിലും കർണാടകത്തിന്റെ ചില ഭാഗങ്ങളിലുമാണ് തെയ്യം പ്രചാരത്തിലുള്ളത്. നമ്പ്യാർ, നായർ, വാണിയർ, മണിയാണി, തീയർ, വണ്ണാൻ, മലയർ തുടങ്ങിയ വിവിധ ജാതി വിഭാഗക്കാരുടെ കാവുകളിലും തറവാടുകളിലും തുലാം, മേടം മാസങ്ങളിലാണ് തെയ്യക്കോലങ്ങൾ കെട്ടിയാടാറുള്ളത് (എല്ലാ സമുദായത്തിലും തറവാടും ഉപദേവതകളും കെട്ടിക്കോലവും ഉണ്ടെങ്കിൽ തെയ്യം കെട്ടിയാടാറുണ്ട്).

മാപ്പിളത്തെയ്യങ്ങളെ പോലെ പരമ്പരാഗത തെയ്യരൂപ സങ്കല്പങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് പോലീസ് തെയ്യം. പടവീരൻ എന്നും അറിയപ്പെടുന്ന ഈ തെയ്യം പഴയകാലത്തെ പടയാളിയുടെ ഓർമ്മപ്പെടുത്തലാണ്. കാസർഗോഡ് ജില്ലയിലെ

ISSN-2455-0736(Print)
ISSN-2456-4052(Online)

പടന്നക്കാട് പാനൂക്കാവ് കാലിച്ചാൻ ധർമ്മ ചാമുണ്ഡി ദേവസ്ഥാനത്ത് കരിഞ്ചാമുണ്ഡി തെയ്യത്തോടൊപ്പമാണ് പോലീസ് തെയ്യം കെട്ടിയാടാറുള്ളത്. കരിഞ്ചാമുണ്ഡിയുടെ അംഗരക്ഷകനായാണ് പോലീസ് തെയ്യം കടന്നുവരുന്നത്. പുലയ സമുദായക്കാരായ തായത്ത് തറവാട്ടുകാരുടേതാണ് ഈ കാവ്. കൃഷിക്ക് രണ്ടാം വിളവിന് വിത്തിടുന്ന മേടമാസത്തിലാണ് (മേടം 24) പോലീസ് തെയ്യം അരങ്ങിലെത്താറുള്ളത്.

### 1.1 പോലീസ് തെയ്യം: പുരാവൃത്തവും രൂപപരിണാമവും

പ്രധാനമായും രണ്ടു പുരാവൃത്തങ്ങളെ അവലംബിച്ചു കൊണ്ടാണ് പോലീസ് തെയ്യം നിലനിൽക്കുന്നത്. താഴത്ത് തറവാട്ടിലെ കാരി കാരണവർ സമീപത്തെ എടച്ചേരി ആലിൽ കാവിൽ കരിഞ്ചാമുണ്ഡി കാണാൻ പോയതുമായി ബന്ധപ്പെട്ടതാണ് ഒന്നാമത്തെ പുരാവൃത്തം.

കരിഞ്ചാമുണ്ഡിയുടെ പുറപ്പാട് കണ്ട് ആകൃഷ്ടനായ കാരണവർ തന്റെ തറവാട്ടിലേക്ക് എഴുന്നള്ളണമെന്ന് ദേവിയോട് അപേക്ഷിക്കുകയും താൻ വരാമെന്ന് ദേവി വാക്കു കൊടുക്കുകയും ചെയ്തു. അനുഗ്രഹവും വാങ്ങി കാരണവർ തിരിച്ചുവരുമ്പോൾ വഴിയിലായി തെക്കും വടക്കുമുള്ള കോലസ്വരൂപത്തെ നായന്മാരും അള്ളടം സ്വരൂപത്തെ നായന്മാരും തമ്മിൽ പടപൊരുത്തുന്നത് കണ്ടു. അവിടെ പരിക്കേറ്റ് കിടന്ന പടയാളിക്ക് കാരണവർ മടിയിൽ കിടത്തി വെള്ളം കൊടുക്കുകയും അല്പസമയത്തിനുശേഷം കാരണവരുടെ മടിയിൽ വച്ച് തന്നെ പടയാളി മരണപ്പെടുകയും ചെയ്തു. തിരിച്ച് തറവാട്ടിൽ എത്തിയ കാരണവർ കരിഞ്ചാമുണ്ഡിയെ കുടിയിരുത്തി. എന്നാൽ തറവാട്ടിലെ ചില മാറ്റങ്ങൾ കണ്ടു ജ്യോത്സനെ വിളിച്ച് പ്രശ്നം വച്ചു നോക്കിയപ്പോൾ അവിടെ മറ്റൊരു ആത്മാവിന്റെ സാമീപ്യം കൂടിയുണ്ടെന്ന് മനസ്സിലായി. പരിക്കേറ്റ് മരിച്ച പടയാളിയുടെ ആത്മാവിനെ കരിഞ്ചാമുണ്ഡി കൂടെക്കൂട്ടിയതായിരുന്നു അത്. അങ്ങനെ കരിഞ്ചാമുണ്ഡിയുടെ കൂടെ പടയാളിക്കും കാവിൽ കെട്ടിക്കോലം കൊടുത്തു.

വയലിനെ സംരക്ഷിക്കുവാൻ വന്ന കാവൽക്കാരനെ സംബന്ധിക്കുന്നതാണ് പ്രചരിക്കുന്ന മറ്റൊരു പുരാവൃത്തം. വിശാലമായ വയൽക്കരയിലായിരുന്നു അന്ന് കാവ് നിലനിന്നിരുന്നത്. പന്നി ശല്യം കൂടിയപ്പോൾ വിള കാക്കുവാനായി ഒരു കാവൽക്കാരനെ തോക്ക് നൽകി കാവലിരുത്തി. ഒരു രാത്രിയിൽ ഇലയനക്കം കണ്ട് പന്നിയെന്ന് സംശയിച്ചു കാവൽക്കാരൻ വെടിവെച്ചു. വെടികൊണ്ടത് രാത്രി സഞ്ചാരിയായിരുന്ന കരിഞ്ചാമുണ്ഡിയ്ക്കായിരുന്നു. ക്രോധം വന്ന കരിഞ്ചാമുണ്ഡി കാവൽക്കാരനെ വധിച്ചു. തുടർന്ന് ദൈവക്കരുവായി മാറിയ കാവൽക്കാരനെ കരിഞ്ചാമുണ്ഡി തന്റെ പുറപ്പാടിന് കാവലായി നിൽക്കാൻ ആജ്ഞാപിച്ചു കൂടെക്കൂട്ടി. വയല് കാക്കുന്ന തെയ്യം, വയല് കാക്കുവാൻ വന്ന കാവൽക്കാരൻ തെയ്യമായി മാറിയ കഥ എന്നിങ്ങനെയാണ് പോലീസ് തെയ്യത്തിന്റെ പുരാവൃത്തസ്വഭാവങ്ങൾ.

ട്രൗസർ, ബനിയൻ, മരത്തോക്ക് എന്നിവയായിരുന്നു ആദ്യകാലഘട്ടങ്ങളിൽ പോലീസ് തെയ്യത്തിന്റെ വേഷം. പിന്നീട് ഇന്ന് കാണുന്ന രീതിയിലുള്ള പോലീസ് വേഷത്തിലേക്ക് തെയ്യം പരിവർത്തനം ചെയ്യപ്പെട്ടു. മുഖത്ത് ഓറഞ്ച് നിറത്തിലുള്ള ചായം പൂശി, കൊമ്പൻ മീശ വരച്ച്, തൊപ്പിക്ക് മുകളിൽ വെള്ളിത്തലപ്പാളി ധരിച്ച് ക്ഷേത്രസ്ഥാനികരിൽ നിന്ന് അരിയും കുറിയും സ്വീകരിച്ച് ക്ഷേത്രപ്രദക്ഷിണം നടത്തി അരങ്ങിലെത്തുന്ന പോലീസ് തെയ്യം ഭക്തർക്കും കാണികൾക്കും ഒരു അത്ഭുതമാണ്. കാക്കി യൂണിഫോം, തൊപ്പി, മരത്തോക്ക്, വിസിൽ തുടങ്ങിയ വേഷവിധാനത്തിലൂടെ തെയ്യം കാണുവാനെത്തിയ ജനങ്ങളെ നിരനിരയായി നിർത്തുകയും തിരക്ക് കൂട്ടുന്നവരെ പേടിപ്പിച്ച് മാറ്റിനിർത്തുകയും പുകവലിക്കുന്നവരെ പിടികൂടി ഫൈൻ

ISSN-2455-0736(Print)
ISSN-2456-4052(Online)

നൽകുകയും ചെയ്യുന്നുണ്ട് പോലീസ് തെയ്യം. പോലീസ് കേസ് സംബന്ധമായ കാര്യങ്ങൾക്ക് പരിഹാരം ലഭിക്കുവാനായി അപേക്ഷിക്കുന്ന ഭക്തരേയും അവരെ ആശ്വസിപ്പിക്കുന്ന തെയ്യത്തേയും അവിടെ കാണാം.

**1.2 നാടോടി വിജ്ഞാനത്തിന്റെ സമകാലീനഘട്ടം**

സംസ്കാരത്തിന്റെ നിദർശനങ്ങളാണ് നാടോടിവിജ്ഞാനീയം. നാടൻപാട്ടുകൾ, നാടോടികഥകൾ, പുരാവൃത്തം, ഐതിഹ്യം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, കടങ്കഥ, പഴഞ്ചൊല്ല്, കളികൾ തുടങ്ങി നിരവധി വിഭാഗങ്ങൾ നാടോടിപാരമ്പര്യത്തിൽ ഉൾക്കൊള്ളുന്നു. ജനസാമാന്യത്തിന് മാറ്റങ്ങൾ സംഭവിക്കുന്നതുപോലെ നാടോടിവിജ്ഞാനീയത്തിനും മാറ്റങ്ങൾ സംഭവിക്കാറുണ്ട്. പുതിയ ഫോക് ലോറിനെ പഴയ ഫോക് ലോർ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ പഠിക്കുവാനോ വിലയിരുത്തുവാനോ സാധ്യമല്ല. അതുകൊണ്ടാണ് ഫോക് ലോറിൽ പുതിയ പഠനമേഖലകൾ രൂപം കൊണ്ടത്. ഇവിടെ ഫോക് ലോറിന് അകത്തുനിന്നും പുറത്തുനിന്നും പഠനവിധേയമാക്കാവുന്നതാണ്. ഫോക് ലോറിന്റെ തത്വസംഹിതകൾ ഉൾക്കൊള്ളാത്ത പാരമ്പര്യേതര ഘടകങ്ങൾ ഉൾക്കൊണ്ട ഫോക് ലോറിസത്തിന്റെയും ജനസമൂഹത്തിൽ പരമ്പരാഗതമായി വേരുറച്ച ഒരു ഫോക് ലോർ രൂപത്തെ അതിന്റെ ധർമ്മത്തിൽ നിന്ന് വ്യതിചലിപ്പിച്ച് ആശയപ്രചരണത്തിന് ഉപയോഗിക്കുന്ന പ്രയുക്ത ഫോക് ലോറിന്റെയും ഫോക് പരിസരത്തിൽ നിന്നും പുറത്ത് സ്ഥിതിചെയ്യുന്ന ഫോക് ഗണങ്ങളെ നിരീക്ഷിക്കുന്ന ഫേക് ലോറിന്റെയും അംശങ്ങൾ പോലീസ് തെയ്യം ഉൾക്കൊള്ളുന്നുണ്ട്.

'ദി ബർത്ത് ഓഫ് ഇന്ത്യൻ സിവിലൈസേഷൻ' എന്ന പുസ്തകത്തിൽ നവീന ശിലായുഗത്തിലെയും ചെമ്പ് യുഗത്തിലെയും സംസ്കാരങ്ങളുടെ സമയത്ത് തന്നെ ഉണ്ടായി വന്ന സംസ്കാരത്തിൽ നിന്ന് കാര്യമായ ഒരു വ്യത്യാസവും ഇവിടുത്തെ ആചാരങ്ങൾക്ക് ഉണ്ടായിട്ടില്ല എന്നും തെയ്യമെന്നത് തികച്ചും ദ്രാവിഡവും ബ്രാഹ്മണർക്ക് മുമ്പേ നിലനിന്നിരുന്നതുമാണെന്നും ബ്രിഡ്ജെറ്റും റെയ്മണ്ട് അൽചിനും അഭിപ്രായപ്പെടുന്നുണ്ട്. ഈ ആചാരങ്ങൾ അതേപടി പിന്തുടരുമ്പോഴും പ്രകടനത്തിലും വേഷവിധാനത്തിലും മറ്റും സംഭവിച്ച വലിയ മാറ്റം എടുത്തു പറയേണ്ടതാണ്. കാവൽക്കാരൻ സങ്കൽപ്പത്തിൽ നിന്ന് മാറ്റങ്ങൾ ഏതുമില്ലെങ്കിൽ കൂടിയും തെയ്യം സ്വീകരിച്ച പോലീസ് സ്വത്വം ആധുനികസമൂഹത്തിന്റേതാണ്. പൂർണ്ണമായും തനത് സാഹചര്യത്തിലല്ല എന്നർത്ഥം. തനിമ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള ഈ ആവിഷ്കാരം ആഭാസമെന്നോ അനുകരണമെന്നോ പറയാൻ കഴിയില്ല. അത് ഫാഷനും പുത്തൻ പ്രവണതയുമല്ല. തെയ്യം അപ്ഡേറ്റഡാണ്. കാരണം തെയ്യം സംവദിക്കുന്നത് പുതിയകാലത്തോടും പുതിയകാല മനുഷ്യരോടുമാണ്. പുതുമയുള്ള ഒരു ആശയം നാടോടി വിജ്ഞാനീയത്തിലേക്ക് സമന്വയിക്കപ്പെടുമ്പോഴും പടവീരൻ തെയ്യത്തിന്റെ ഉദ്ദേശശുദ്ധിയും ലക്ഷ്യബോധവും വ്യതിചലിച്ചിട്ടില്ല. പകരം കൂടുതലായി ജനങ്ങളോട് ചേർന്ന് നിൽക്കുകയാണ് ചെയ്തിട്ടുള്ളത്.

1766-ൽ അവസാനിക്കുന്ന സാമൂതിരിഭരണവും 1881-ൽ കേരളത്തിൽ ആരംഭിക്കുന്ന പോലീസ് സേനയും പോലീസ് തെയ്യത്തെ സംബന്ധിച്ച് വൈരുധ്യമാർന്ന കാലോചിതമല്ലാത്ത ഘടകങ്ങളാണ്. (1965 ലാണ് ഇന്ന് കാണുന്ന രീതിയിലുള്ള കേരള പോലീസ് രൂപീകൃതമായന്നുള്ളതും നിലവിലെ പോലീസ് വസ്ത്രം കൈകൊണ്ടത് 1970 കൾക്ക് ശേഷമാണ് എന്നുള്ളതും ഇവിടെ അപ്രസക്തമായ യാഥാർത്ഥ്യങ്ങളാണ്). പോലീസ് സേനയുടെ ചരിത്രവും വസ്ത്രവും എന്തുതന്നെയായാലും തെയ്യം സ്വീകരിച്ചിട്ടുള്ളത് അല്ലെങ്കിൽ തെയ്യത്തിന്റെ പുരാവൃത്തത്തോട് ചേർന്ന് നിൽക്കുന്നത് സേനയുടെ ദൗത്യപ്രഖ്യാപനമാണ്.

"ഭാരത ഭരണഘടനയോട് കൂറുപുലർത്തി അച്ചടക്കവും ആദർശധീരതയും ഉൾക്കരുത്താക്കി മനുഷ്യാവകാശങ്ങൾ മാനിച്ച് ജനങ്ങളുടെ ജീവനും സ്വത്തും അന്തസ്സും സംരക്ഷിച്ചു ന്യായമായും നിഷ്പക്ഷമായും നിയമം നടപ്പാക്കി അക്ഷോഭ്യരായി അക്രമം അമർച്ചചെയ്ത് വിമർശനങ്ങൾ ഉൾക്കൊണ്ട് ആത്മപരിശോധന നടത്തി ജനങ്ങളുടെ ഭാഗമായി ജനങ്ങൾക്കുവേണ്ടി ജനങ്ങളോടൊത്ത് പ്രവർത്തിച്ച് ക്രമസമാധാനം കാത്ത്സൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണ് ഞങ്ങൾ" എന്ന പ്രഖ്യാപനം അലങ്കാരികമായി പറഞ്ഞാൽ പോലീസ് തെയ്യത്തിന്റെ തോറ്റമാണ്. പോലീസ് തെയ്യത്തിന് കാലങ്ങളായി സംഭവിച്ച കൂട്ടിച്ചേർക്കലുകൾ ഈ പ്രഖ്യാപനത്തോടുള്ള പൊരുത്തപ്പെടലാണ്. അധികാരത്തിന്റെ സ്വരം വിശ്വാസത്തിന്റെ സ്വരമായി പരിവർത്തനം ചെയ്യപ്പെട്ട് നിയമപരിപാലനം ഒരുതരത്തിൽ ദൈനംദിന ജീവിതത്തിന്റെ ഭാഗധേയമാകുന്നു. "മൃദു ഭാവെ ദൃഢ കൃത്യേ" (മൃദുവായ പെരുമാറ്റം ദൃഢമായ കൃത്യങ്ങൾ) എന്ന പോലീസ് ആപ്തവാക്യം ജനമൈത്രിയും മതമൈത്രിയുമായ പോലീസ് തെയ്യത്തിന് ഭൂഷണവും ഏറെ അനുയോജ്യകരവുമാണ് (മാപ്പിളത്തെയ്യവും കരിഞ്ചാമുണ്ഡിയും തമ്മിലുള്ള ഐതിഹ്യബന്ധം ഇതിനുദാഹരണം).

വീരാരാധനയോടും ഭക്തിയോടും കൂടിയുള്ള അധ:സ്ഥിതന്റെ ആത്മപ്രകാശനമെന്ന് നിർവചിക്കപ്പെടുന്ന തെയ്യംസങ്കല്പത്തിൽ നിന്നും ഒരുപടി കയറി ചിന്തിക്കുകയാണ് പടവീരൻ തെയ്യം. വിശാലാർത്ഥത്തിൽ തെയ്യത്തിന്റെ പ്രത്യയശാസ്ത്രവും അതുതന്നെ. ഒരു സാമൂഹ്യപ്രശ്നത്തിന് പരിഹാരം കണ്ടെത്തി മൂല്യവത്തായി മുന്നോട്ടു നയിക്കുന്നവരാണ് സർക്കാരും നിയമപാലകരും. ജനങ്ങൾക്ക് അവരോടുള്ള വിശ്വാസവും കൂറും വർദ്ധിപ്പിക്കുവാനും ജനാധിപത്യമൂല്യങ്ങളിൽ അടിയുറച്ച് വിശ്വസിക്കുവാനും പോലീസ് തെയ്യം പറയാതെ പറയാൻ ശ്രമിക്കുന്നുണ്ട്. സമാന്തര നിയമപാലകരോ ബദൽചിന്ത ഉയർത്തി വിശ്വാസത്തെ പ്രശ്നവത്ക്കരിക്കാനോ അല്ല പോലീസ് തെയ്യം ശ്രമിക്കുന്നത്. വീരാരാധനയുള്ള വിശ്വാസിയിലേക്ക് വിശ്വാസം പകർത്താൻ ഏറ്റവും അനുയോജ്യം സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന പോലീസ് വിഭാഗം തന്നെയാണ് എന്നുകണ്ടു വിശ്വാസിയെ നിയമപാലകരാക്കുന്ന, ജനാധിപത്യ അനുയായിയാക്കുന്ന സാമൂഹികരണ പ്രക്രിയയാണ് പോലീസ് തെയ്യം കാലങ്ങളായി അനുവർത്തിച്ചു പോരുന്നതും വിനിമയം ചെയ്യുന്നതും.

സമകാലീന നാടോടി വൈജ്ഞാനികമേഖലയിലേയും സംസ്കാരപഠനത്തിലേയും പുത്തൻ സാഹചര്യമാണ് പോലീസ് തെയ്യം. കൂട്ടായ്മയുടെയും ഒത്തൊരുമയുടെയും രാഷ്ട്രീയം കൃത്യമായി പാലിക്കുകയും നാടോടി വൈജ്ഞാനിക മേഖലയിൽ സാമ്യപ്പെടുത്തുവാൻ സാധിക്കാത്ത പുതിയൊരു തലത്തിലേക്ക് വാതായനങ്ങൾ തുറക്കുമ്പോഴും 'പൈതങ്ങൾക്ക് ഗുണം വരുത്തി'ക്കൊണ്ട് പോലീസ് തെയ്യം കർമ്മനിരതനാകുന്നു.

## സഹായക ഗ്രന്ഥങ്ങൾ, ലിങ്കുകൾ

1. എം. വി വിഷ്ണു നമ്പൂതിരി, ഫോക് ലോർ നിഘണ്ടു, 2010, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

2. രാഘവൻ പയ്യനാട്, ഫോക് ലോർ, 2014, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

3. https://youtu.be/qw2J-Ryf8m0

4. https://youtu.be/d_5u3Fi7fQ8

ISSN-2455-0736(Print)
ISSN-2456-4052(Online)

5. https://youtu.be/OY-9nwLD5Hk

6. https://ml.m.wikipedia.org - പോലീസ് തെയ്യം

7. http://travelkannur.com/theyyam-kerala/police-theyyam

8. https://m.facebook.com/vadakkantetheyyangal/photos

9. http://kasaragodchannel.com/?p=56307

10. https://en.m.wikipedia.org/wiki/Kerala_Police